# സ്വതന്ത്ര്യവ്യാപാരത്തിലെ കാണാക്കെണികൾ

**(ആഗോളവൽക്കരണ പാഠങ്ങൾ – മുൻലക്കം തുടർച്ച)**

### ലോകവ്യാപാര സംഘടന

ആഗോളവൽക്കരണവുമായി ഏറ്റവും ബന്ധപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളിലൊന്നാണല്ലോ ലോക വ്യാപാര സംഘടന. ആഗോളവൽക്കരണം, ഉദാരവൽക്കരണം തുടങ്ങിയവാക്കുകളിലെന്നതുപോലെ ഈ സംഘടനയുടെ പേരും തെറ്റിദ്ധരിപ്പിക്കുന്നതാണ്. ലോകത്തിലെ ചെറുതും വലുതുമായ രാജ്യങ്ങൾ തമ്മിൽ സ്വതന്ത്രമായ വ്യാപാരം നടക്കുവാനും അതുവഴി മത്സരാധിഷ്ഠിത ലോകകമ്പോളം സൃഷ്ടിച്ച് ജനാധിപത്യപരമായ സാമ്പത്തികഘടനയുണ്ടാക്കുവാനും എല്ലാ രാജ്യങ്ങൾക്കും സമതുലിതമായ വികസനം സാധ്യമാക്കാനും സഹായിക്കുന്ന ഒരു സംഘടനയാണിതെന്ന തോന്നൽ നമ്മിലുണ്ടാകും. എന്നാൽ ഇതു ഫലത്തിൽ ധനിക പാശ്ചാത്യ രാജ്യങ്ങളുടെയും വിരലിലെണ്ണാവുന്നത്ര ബഹുരാഷ്ട്ര കമ്പനികളുടേയും താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഒരു സ്ഥാപനം മാത്രമാണെന്ന് ഏഴര വർഷത്തെ അനുഭവം ബോധ്യപ്പെടുത്തുന്നു. ഡോ. വന്ദനാ ശിവയെപ്പോലുള്ളവർ ഇതിനിട്ടിരിക്കുന്ന പേരുകൾ 'വേൾഡ് ടെററിസ്റ്റ് ഓർഗനൈസേഷൻ' എന്നും 'വേൾഡ് ടേക്ക് ഓവർ ഓർഗനൈസേഷൻ' എന്നും മറ്റുമാണ്.

### ഉൽഭവം – ഗാട്ട് കരാർ

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനകാലമായപ്പോഴേക്കും കോളനി വാഴ്ചയുടെ അന്ത്യമായെന്ന് സാമ്രാജ്യത്വ രാജ്യങ്ങൾക്ക് ബോധ്യപ്പെട്ടിരുന്നു. കോയ്മരാജ്യങ്ങളുടെ ശക്തിക്ഷയവും മൂന്നാം ലോക അടിമരാജ്യങ്ങളിൽ വളർന്നു വന്ന ദേശീയ പ്രസ്ഥാനങ്ങളും ഇതിന്റെ കാരണങ്ങളാണ്. കോളനിയധികാരം നഷ്ടപ്പെടുന്നതോടെ രണ്ടുമൂന്നു നൂറ്റാണ്ടിലേറെയായി തങ്ങൾ നടത്തിവരുന്ന പ്രത്യക്ഷ ചൂഷണം സാധ്യമല്ലാതാകുമെന്നും അവർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ പുതിയൊരു വ്യാപാരബന്ധം സൃഷ്ടിക്കണമെന്നും തീരുമാനിച്ചു അതിന്റെ ഫലമാണ് ഗാട്ട് എന്ന പേരിൽ പ്രസിദ്ധമായ 'ജനറൽ അഗ്രിമെന്റ് ഓൺ ട്രേഡ് ആന്റ് താരിഫ്' എന്ന ഉടമ്പടി. 1946ലാണ് ഇതു രൂപം കൊള്ളുന്നത്. മുൻ പാഠങ്ങളിൽ സൂചിപ്പിച്ചതുപോലെ അന്താരാഷ്ട്ര നാണയനിധി, ലോകബാങ്ക് തുടങ്ങിയ ബ്രട്ടൻവുഡ്സ് സ്ഥാപനങ്ങളുടെ ഭാഗമായാണ് ഈ ഉടമ്പടിയും നിലവിൽ വന്നത്. രാജ്യാന്തര വ്യാപാരങ്ങൾക്ക് എല്ലാവർക്കും സ്വീകാര്യമായ ഒരു ഉടമ്പടിയാണിതെന്നും വ്യാപാരം വർദ്ധിപ്പിച്ചുകൊണ്ട് ലോകത്തിന്റെയാകെ വികസനം സാധ്യമാക്കാമെന്നുമെല്ലാം ഇതിന്റെ ലക്ഷ്യങ്ങളായി കണ്ടിരുന്നു.

പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളൊന്നും തന്നെ ഈ കരാറിൽ യാതൊരു താല്പര്യവും കാണിച്ചില്ല. പ്രധാനമായും പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളടങ്ങിയ 22 പേരാണ് അന്നു കരാറിൽ ഒപ്പിട്ടത്. സോവിയറ്റ് യൂണിയനും അവരുടെ ചേരിയും ഇതിൽ നിന്നു പൂർണ്ണമായും വിട്ടു നിന്നു. ഇന്ത്യയടക്കമുള്ള പ്രധാന മൂന്നാംലോകരാജ്യങ്ങൾ കരാറിൽ ഒപ്പിട്ടില്ലെങ്കിലും നിരീക്ഷക പ്രതിനിധികളെ അയക്കാറുണ്ടായിരുന്നു.

### തീരുവകൾ എന്തിന്?

ഓരോ രാജ്യങ്ങളും തങ്ങളുടെ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്ന ഉല്പന്നങ്ങൾക്കുമേൽ കസ്റ്റംസ് തീരുവ ഈടാക്കിയിരുന്നു. ഈ തീരുവകൾ പരമാവധി കുറച്ച് വികസിത-വികസ്വര- അവികസിത രാജ്യങ്ങൾക്കെല്ലാം ഓരേ നിരക്കിലാക്കണമെന്നതാണ് ഗാട്ട് കരാറിന്റെ ഏറ്റവും പ്രധാന ലക്ഷ്യം. ഇതുവഴി വ്യാപാരത്തിന് തീരുവയെന്ന കടമ്പകൾ ഇല്ലാതാവുകയും 'സ്വതന്ത്ര വ്യാപാരം' നിലവിൽ വരികയും ചെയ്യും എന്നാണ് അവർ പ്രചരിപ്പിച്ചത്.

ഒരു രാജ്യം തങ്ങളുടെ ഇറക്കുമതി തീരുവനിരക്കു നിശ്ചയിക്കുന്നതിന് സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവും ഒക്കെയായ മാനങ്ങളുപയോഗിക്കുന്നു. സ്വന്തം രാജ്യത്ത് ധാരാളമായുണ്ടാകുന്ന ഒരുൽപ്പന്നം വിദേശത്തു നിന്നും ഇറക്കുമതി ചെയ്താൽ തദ്ദേശീയ കമ്പോളത്തിൽ അതിന്റെ വിലതാഴുകയും അതുവഴി ഉല്പാദിപ്പിക്കുന്നവരുടെ നിലനില്പ് അപകടത്തിലാക്കുകയും ചെയ്യും. സമൂഹത്തിന്റെ സുസ്ഥിരതക്കു തന്നെ ഇതു തടസ്സമാകുന്നതിനാൽ ഇത്തരം ഉല്പന്നങ്ങൾക്ക് കൂടിയ ഇറക്കുമതി തീരുവ ഏർപ്പെടുത്തുന്നു. ഇന്ത്യയെപ്പോലെ കാർഷികാധിഷ്ഠിത സമ്പദ് വ്യവസ്ഥയുള്ള ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുകയാണെങ്കിൽ അതിന്മേൽ വിവിധം തരം നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നു. ക്യൂ. ആർ (ക്വാന്റിറ്റേറ്റീവ് റെസ്ട്രിക്ഷൻസ്) എന്ന അളവുപരമായ നിയന്ത്രണം ഇതിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ്. ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ ഈ ലിസ്റ്റിൽപ്പെട്ട ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുകയാണെങ്കിൽ അതിന് മുൻകൂർ ഇറക്കുമതി ലൈസൻസ് ആവശ്യമാണ്. അതിൽ ഇറക്കുമതി ചെയ്യാവുന്ന പരമാവധി അളവിനും (എണ്ണത്തിനും) നിയന്ത്രണമുണ്ടാകും. ഇതിൽപ്പെടുത്താത്തവയെ ഓപ്പൺ ജനറൽ ലൈസൻസ് (ഒ.ജി.എൽ) എന്ന വിഭാഗത്തിൽപ്പെടുത്തുന്നു. 1991 വരെ ക്യൂ. ആർ. നിയന്ത്രണത്തിൽപ്പെട്ട പതിനായിരത്തോളം ഇനങ്ങളുണ്ടായിരുന്നു. (2001 മാർച്ചോടെ ഈ ലിസ്റ്റ് തന്നെ ഇല്ലാതായി!)

ഒരുൽപ്പന്നത്തിന് ഇറക്കുമതി ലൈസൻസ് നൽകുന്നതിന് ഒട്ടേറെ നിബന്ധനകളുണ്ടായിരുന്നു. ഈ ഉൽപ്പന്നം നാട്ടിൽ ഉണ്ടാകുന്നില്ലെന്നോ ഉണ്ടെങ്കിൽ തന്നെ ആവശ്യത്തിനുതികയുന്നില്ലെന്നോ സ്ഥാപിക്കണം. വ്യാപാരവകുപ്പിന് കീഴിൽ ഇതുപരിശോധിക്കാനും സാക്ഷ്യപ്പെടുത്താനുമായി പലസ്ഥാപനങ്ങളുമുണ്ടായിരുന്നു. വ്യവസായിക ഉൽപ്പന്നങ്ങളാണെങ്കിൽ പത്രങ്ങളിൽ പരസ്യം ചെയ്ത് തത്തുല്യമായ ഉൽപ്പന്നങ്ങൾ നൽകാൻ കഴിയുന്ന ഒരു സ്ഥാപനവും ഇല്ലെന്നു ബോധ്യപ്പെടണം.